ജില്ലാ പോലീസ് സൂപ്രണ്ടുമാർ എന്നിവർക്ക് സെല്ലുലാർ ഫോൺ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇതുവരെ ഫോണുകൾ വാങ്ങുകയോ കണക്ഷൻ അനുവദിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ചെലവൊന്നും ഉണ്ടായിട്ടില്ല.

സോഫ്ട്‌വെയർ കയറ്റുമതിയിലൂടെ ലഭിച്ച തുക

5 (741) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-ൽ സോഫ്ട്‌വെയർ കയറ്റുമതിയിലൂടെ എന്തു തുക സംസ്ഥാനത്തിന് ലഭിച്ചു;

(ബി) 2000-2001 സാമ്പത്തിക വർഷത്തിൽ സോഫ്ട്‌വെയർ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് എന്തു വരവുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ലക്ഷ്യം നേടാൻ എന്തെല്ലാം നടപടികളെടുത്തു?

ഉത്തരം

(എ) 1999-2000-ൽ ടെക്നോപാർക്കിൽ നിന്നുള്ള സോഫ്ട്‌വെയർ കയറ്റുമതി 100 കോടി രൂപയ്ക്കാകുമെന്ന് പ്രതീക്ഷിക്കുന്നു. സോഫ്ട്‌വെയർ ടെക്നോളജി പാർക്കിനു കീഴിൽ ജനുവരി അവസാനം വരെ 34 കോടി രൂപയ്ക്കുള്ള സോഫ്ട്‌വെയർ കയറ്റുമതി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2000-2001-ൽ ഇത് 200 കോടി രൂപയാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടെക്നോപാർക്കിൽ ഐ.റ്റി. കമ്പനികൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ ജോയിന്റ് വെഞ്ചർ കമ്പനി സ്ഥാപിക്കാനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുന്നു. കൂടാതെ മറ്റു പല പ്രോത്സാഹന നടപടികളും ടെക്നോപാർക്ക് എടുത്തു വരുന്നു. ഇതുമൂലം പുതിയ കമ്പനികൾ ടെക്നോപാർക്കിൽ വരികയും കയറ്റുമതി വർദ്ധിക്കുകയും ചെയ്യുമെന്ന് കണക്കാക്കുന്നു.

പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

6 (742) ശ്രീ. എം.എ. കുട്ടപ്പൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജനുവരി 31-ലെ കണക്കനുസരിച്ച് പി.എസ്.സി.യിൽ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്;

(ബി) എത്ര വിഭാഗങ്ങളിൽപ്പെടുന്ന തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ചവയാണ് ഈ അപേക്ഷകൾ;

LIBRARY ARCHIVES Kerala Legislative Assembly